## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6636** **21-03-2023 - ൽ മറുപടിയ്ക്ക്**

## റോഡ് നിർമ്മാണത്തിൽ പൊതു ഡിസൈൻ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മൺസൂൺകാലത്ത് റോഡരികിലും ചില റോഡുകളിലും വെള്ളം കെട്ടിനിൽക്കുകയും അത് റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മൺസൂൺ കാലത്ത് റോഡിലും റോഡരികിലും വെള്ളം കെട്ടിക്കിടന്ന് റോഡ് തകരുന്നത് ഒഴിവാക്കുന്നതിന് വകുപ്പ് ഇടപെടുന്നുണ്ട്. നിലവിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഓടകളുടെയും കലുങ്കുകളുടെയും ശുചീകരണം നടപ്പിലാക്കി വരുന്നു. റോഡുകൾ ഡിസൈൻഡ് റോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതേസമയം റോഡ് നിർമ്മാണരംഗത്ത് ഉൾപ്പെടെ ഒരു ഡിസൈൻ പോളിസി കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ ഡിസൈനിംഗ്, നിർമ്മാണഘട്ടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങൾ ഉയർത്തുന്നതിനും, ആവശ്യമായ ഓടകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാനും റോഡ് ഗതാഗതം സുഗമമാക്കുന്നതിനുമായി റോഡു നിർമ്മാണത്തിൽ പൊതു ഡിസൈൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | മൺസൂൺ കാലത്ത് റോഡിലും റോഡരികിലും വെള്ളം കെട്ടിക്കിടന്ന് റോഡ് തകരുന്നത് ഒഴിവാക്കുന്നതിന് വകുപ്പ് ഇടപെടുന്നുണ്ട്. നിലവിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഓടകളുടെയും കലുങ്കുകളുടെയും ശുചീകരണം നടപ്പിലാക്കി വരുന്നു. റോഡുകൾ ഡിസൈൻഡ് റോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതേസമയം റോഡ് നിർമ്മാണരംഗത്ത് ഉൾപ്പെടെ ഒരു ഡിസൈൻ പോളിസി കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ ഡിസൈനിംഗ്, നിർമ്മാണഘട്ടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങൾ ഉയർത്തുന്നതിനും, ആവശ്യമായ ഓടകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ